"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം-കണ്ണൂർ കാനച്ചേരി മൻഷ ഉൽ ഉലൂം എംഎൽപി സ്കൂളിലെ അറബിക് ടീച്ചറായ ശ്രീമതി ഷക്കീല കെ.കെ ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 20911/2021 മേലുള്ള 11/11/2021 ലെ വിധി ന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു..

പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.2478/2022/GEDN തീയതി,തിരുവനന്തപുരം, 18-04-2022

പരാമർശം:-
1. 12/01/2010 ലെ G.O.(P) 10/10/GEDN ഉത്തരവ്
2. ശ്രീമതി ഷക്കീല.കെ.കെ, ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത . 20911/2021 നം റിട്ട് ഹർജി
3. ശ്രീമതി ഷക്കീല.കെ.കെ, ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത . 20911/2021 നം റിട്ട് ഹർജി മേലുള്ള 11/11/2021 ലെ വിധിന്യായം
4. 29/12/2021 ലെ കണ്ണൂർ നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ജി/2462/21 നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ കാനച്ചേരി മൻഷ ഉൽ ഉലൂം എം.എൽ.പി സ്കൂളിലെ അറബിക് ടീച്ചറായ ശ്രീമതി ഷക്കീല.കെ.കെ, ബഹു. ഹൈക്കോടതിയിൽ പരാമർശം 2 പ്രകാരം ഫയൽ ചെയ്ത 20911/2021 നം റിട്ട് ഹർജിയിന്മേൽ പരാമർശം 3 പ്രകാരമുള്ള വിധിന്യായത്തിൽ ഹർജിക്കാരി, നാലാം എതിർ കക്ഷി എന്നിവരെ നേരിൽ കേട്ടതിനുശേഷം Ext.P5 റിവിഷൻ ഹർജി പുനഃപരിഗണിക്കാനും 3 മാസത്തിനകം തീർപ്പാക്കാനും ഒന്നാം എതിർകക്ഷി സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

2. ചുമതലപ്പെടുത്തിയതു പ്രകാരം ഹർജിക്കാരിയേയും മറ്റു ബന്ധപ്പെട്ട കക്ഷികളേയും 15/02/2022 തീയതിയിൽ വീഡിയോ കോൺഫറൻസ് മുഖേന നേരിൽ കേട്ടു.

3. 01/06/2010 മുതൽ അംഗീകൃത ഒഴിവിൽ അറബിക് ടീച്ചറായി നിയമനം ലഭിച്ച തന്റെ നിയമനം 01/06/2010 മുതൽ 31/05/2011 വരെ അംഗീകരിച്ചിട്ടില്ലാത്തതിനാൽ 01/06/2011 ൽ പാക്കേജിൽ ഉൾപ്പെടുത്തി അംഗീകരിക്കുകയാണുണ്ടായതെന്നും, അംഗീകൃത ഒഴിവിലാണ് തന്റെ നിയമനം നടന്നിട്ടുള്ളത് എന്നതിനാൽ മേൽ കാലയളവിലെ നിയമനം അംഗീകരിച്ച് ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിക്കണമെന്നതാണ് Ext.P5 ഹർജിയിലെ ആവശ്യം

4. സർക്കാർ ഇക്കാര്യം നിലവിലെ ചട്ടങ്ങളുടെയും ഉത്തരവുകളുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും ഹിയറിംഗ് വേളയിൽ ഉന്നയിക്കപ്പെട്ട വാദഗതികളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

5. 30/04/2010 ന് ടി സ്കൂളിലെ അറബിക് അദ്ധ്യാപകൻ സ്വമേധയാ വിരമിച്ച ഒഴിവിലേക്കാണ് 01/06/2010 മുതൽ ഹർജിക്കാരിയെ പാർട്ട് ടൈം അറബിക് അദ്ധ്യാപികയായി മാനേജർ നിയമിച്ചിട്ടുള്ളത്. സ്കൂളിലെ സംരക്ഷിതാദ്ധ്യാപകനെ 2010-11 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ഉൾക്കൊള്ളിച്ചു എന്ന കാരണത്താൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം നിരസിച്ചിട്ടുണ്ട്. 1 മുതൽ 5 വരെ ക്ലാസ്സുകളുള്ള ടി സ്കൂളിൽ 2008-09 വർഷം 2 അറബിക് തസ്തിക നിലനിന്നിരുന്നെങ്കിലും കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നതിനാൽ 2009-10 വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം 1 അറബിക് തസ്തിക മാത്രമേ അനുവദിച്ചിട്ടുള്ളൂ

എന്നും പരാമർശം 4 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2010-11 വർഷം കുട്ടികളുടെ എണ്ണം കൂടിയതിനാൽ 2010-11 വർഷം 2 അറബിക് തസ്തിക അനുവദിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവിറക്കിയിട്ടുണ്ട്. എന്നാൽ 2009-10 വർഷം തസ്തിക നഷ്ടപ്പെട്ടതിനാൽ 2010-11 വർഷം അനുവദിച്ച രണ്ടാമത്തെ അറബിക് തസ്തിക അധിക തസ്തികയായിട്ടാണ് കണക്കാക്കിയിരുന്നത്. ഹർജിക്കാരിയുടെ നിയമനം ടി തസ്തികയിലായിരുന്നതിനാൽ അതിനെ അധിക തസ്തികയിലെ നിയമനമായിട്ടാണ് കണക്കാക്കിയിട്ടുള്ളത്.

6. 2006-2007 വർഷം മുതൽ അധിക തസ്തികകളിൽ നിയമിച്ച അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിന് തത്തുല്യ എണ്ണം സംരക്ഷിതാദ്ധ്യാപകരെ ഇനി ഉണ്ടാകുന്ന ഒഴിവിലേക്ക് നിയമിക്കാമെന്ന മാനേജർ ബോണ്ട് സമർപ്പിക്കുന്ന പക്ഷം ആയവ അംഗീകരിക്കാമെന്ന് പരാമർശം 1 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മാനേജർ 10/10 പ്രകാരമുള്ള ബോണ്ട് സമർപ്പിക്കാത്തതിനാൽ ഹർജിക്കാരിയുടെ നിയമനത്തിന് അംഗീകാരം നൽകിയില്ല. പിന്നീട് അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി 01/06/2011 മുതൽ നിയമനം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ നിയമനത്തീയതി മുതൽ അംഗീകാരം ലഭിക്കണമെന്നതാണ് ഹർജിക്കാരിയുടെ ആവശ്യം.

7. പരാമർശം 1 ലെ ഉത്തരവിനെതിരെ മാനേജർമാർ ബഹു. സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്യുകയും പ്രസ്തുത നിബന്ധനയ്ക്കെതിരെ സ്റ്റേ വാങ്ങുകയുമുണ്ടായി. ഈ സ്ഥിതി നിലനിൽക്കേ ഇത്തരത്തിൽ നിയമിതരായ അദ്ധ്യാപകർ അവരുടെ നിയമനങ്ങൾ അംഗീകരിച്ചു കിട്ടുന്നതിനായി കോടതിയെ സമീപിക്കുകയും അതതു മാനേജർമാർ പരാമർശം 1 പ്രകാരമുള്ള ബോണ്ട് വച്ചതായി കണക്കാക്കി (deeming provision) 2006-07 മുതൽ 2009-10 വരെ അധിക തസ്തികയിൽ നിയമിതരായ അദ്ധ്യാപകർക്ക് അവരുടെ നിയമനത്തീയതി മുതൽ അംഗീകാരം നല്കാൻ വ്യത്യസ്തങ്ങളായ വിധിന്യായങ്ങളിലൂടെ ബഹു. ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നൽകുകയുണ്ടായി. അത്തരം കേസുകളിൽ അവരവരുടെ നിയമനത്തീയതി മുതൽ അംഗീകാരം നൽകാൻ അതത് വിദ്യാഭ്യാസ ഓഫീസർമാർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. Deeming provision അനുസരിച്ച് ഭാവിലുണ്ടാകുന്ന ഒഴിവുകൾ സംരക്ഷിതാദ്ധ്യാപകരുടെ നിയമനത്തിനായി മാറ്റി വയ്ക്കുവാൻ ബന്ധപ്പെട്ട മാനേജർമാർ ബാദ്ധ്യസ്ഥരാണ്. ഈ വ്യവസ്ഥ പാലിക്കാതെ ഒഴിവുകൾ നികത്തിയാൽ ആയവയ്ക്ക് നിയമനാംഗീകാരം ലഭിക്കുകയില്ല. State of Kerala vs Suma Devi and ors കേസിലും ബഹു. കോടതി ഇത്തരത്തിലുള്ള നിർദ്ദേശമാണ് വിധിന്യായത്തിൽ നൽകിയിട്ടുള്ളത്. ഈ കേസിലും, പ്രസ്തുത വിധിന്യായത്തിലെ ബഹു.കോടതിയുടെ പരാമർശങ്ങൾ കണക്കാക്കി തീരുമാനം എടുക്കാനാണ് കോടതി നിർദ്ദേശം. 10/10 ഉത്തരവിനെതിരെ ബഹു. സുപ്രീംകോടതിയിൽ പെന്റിംഗായിട്ടുള്ള കേസുകൾ, ഹർജിക്കാരുടെ അവകാശങ്ങൾ നിഷേധിക്കുന്നതിന് കാരണമാകരുതെന്നും മേൽ കേസുകളുടെ അന്തിമ തീരുമാനത്തിനു വിധേയമായി ഉത്തരവ് പുറപ്പെടുവിയ്ക്കാമെന്നും വിധിന്യായത്തിൽ പരാമർശിച്ചിട്ടുണ്ട്.

8. ഈ കേസിലെ വിധിന്യായത്തിൽ deeming provision പരിഗണിച്ചുകൊണ്ട് ഹർജിക്കാരിയുടെ 01/06/2011 നു മുൻപുള്ള നിയമനത്തിന് അംഗീകാരം നല്കാനാണ് കോടതി നിർദ്ദേശിച്ചിട്ടുള്ളത്. ആയതിനാൽ 10/10 ഉത്തരവ് പ്രകാരമുള്ള ബോണ്ട് മാനേജർ വച്ചതായി കണക്കാക്കി (deeming provision) ഹർജിക്കാരിയുടെ നിയമനത്തിന് നിയമനത്തീയതി മുതൽ അംഗീകാരം നല്കാവുന്നതും അഥവാ മാനേജർ 12.01.2010 ലെ G.O.(P) No.10/10/G.Edn നെതിരെ സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ടെങ്കിൽ, deeming provision പ്രസ്തുത കേസിലെ വിധിന്യായത്തിനു വിധേയമായിരിക്കും എന്ന നിബന്ധനയിൽ ടിയാരിയുടെ നിയമനം കണക്കാക്കേണ്ടതാണെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റിട്ട് ഹർജി നമ്പർ 20911/2021 മേലുള്ള പരാമർശം 2 ലെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പകർപ്പ്:-അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം -695 001

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കണ്ണൂർ (നോർത്ത്) കണ്ണൂർജില്ല- 670 009

മാനേജർ, മൻഷ ഉൽ ഉല്യം എം.എൽ.പി.എസ്, കാനച്ചേരി, കണ്ണൂർ- 670 591.

ഷക്കീല.കെ.കെ, അറബിക് ടീച്ചർ, മൻഷ ഉൽ ഉല്യം എം.എൽ.പി.എസ്, കാനച്ചേരി, കണ്ണൂർ- 670 591.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by Mini.t.r.

Date: 18-04-2022 13:31:35

സെക്ഷൻ ഓഫീസർ